(ബി) പ്രവേശനം പുനരാംരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എന്നത്തേക്ക് പ്രവേശനം ആരംഭിക്കും;വ്യക്തമാക്കുമോ;

(സി) ഇൻക്യുബേറ്റിംഗ് ഏജൻസിയുമായി സർക്കാർ എം.ഒ.യു. ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തേക്കാണ് പുതിയ എം.ഒ.യു.;വിശദമാക്കുമോ;

(ഡി) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി&ഡി) ഇല്ല.

കരുനാഗപ്പള്ളി സർക്കാർ കോളേജ്

13(2861) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളിയിൽ പുതിയതായി സർക്കാർ കോളേജ് ആരംഭിക്കുന്നതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; കോപ്പി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാലതാമസം എന്തെന്ന് അറിയിക്കാമോ?

ഉത്തരം

കരുനാഗപ്പള്ളിയിൽ ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്.

സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം

14(2865) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് ഉച്ചഭക്ഷണം വിതരണം ചെയ്യുവരുന്നത്;

(ബി) ഉച്ചഭക്ഷണ പദ്ധതിയുടെ ഫണ്ടിന്റെ സ്രോതസ്സ് എങ്ങനെയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ അദ്ധ്യയന വർഷത്തേക്ക് ഉച്ചഭക്ഷണ പദ്ധതിക്കായി എന്ത് തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; തുക വകയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2015 നവംബർ 30 വരെ ഈ ഇനത്തിൽ എന്ത് തുക ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ഇ) ഉച്ചഭക്ഷണ ചെലവിനത്തിൽ പ്രധാന അദ്ധ്യാപകർക്ക് കടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എന്നു മുതൽക്കുള്ള എത്ര തുകയാണ് കടിശ്ശികയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗവ./എയ്ഡഡ് മേഖലകളിലായി ആകെ 12358 സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുവരുന്നു.

(ബി) സ്കൂൾ ഉച്ചഭക്ഷണ പരിപാടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പരിപാടിയായിട്ടാണ് ഇപ്പോൾ നടത്തിവരുന്നത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനു ഓരോ സാമ്പത്തിക വർഷം കേന്ദ്രം താഴെപ്പറയും പ്രകാരം സംസ്ഥാനത്തിനു ഫണ്ട് അനുവദിച്ചുനൽകുന്നു.

1. അരിയും ആയത് FCI-ൽ നിന്നും നൽകുന്നതിലേക്കായി മെട്രിക് ടണ്ണിന് 5650 രൂപ പ്രകാരം നൽകുന്നുണ്ട്.
2. എഫ്.സി.ഐ.-യിൽ നിന്നും ടി അരി എടുത്തു വിതരണം ചെയ്യുന്നതിനു കടത്തുകൂലിയായി മെട്രിക് ടണ്ണിനു 750 രൂപ
3. സ്കൂൾ പാചക തൊഴിലാളിക്ക് മാസം 750 രൂപ
4. പലവ്യഞ്ജനം, പയറുവർഗ്ഗങ്ങൾ, എണ്ണ, വിറക്, പച്ചക്കറി എന്നിവയ്ക്ക് കൂട്ടി ഒന്നിന് പ്രൈമറി അപ്പർ പ്രൈമറി വിഭാഗത്തിനു സ്കൂൾ പ്രവൃത്തി ദിവസം യഥാക്രമം 2.82 രൂപ, 4.23 രൂപ നൽകിവരുന്നു.
5. അരിയുടെ വില, കടത്തുകൂലി, കണ്ടിജന്റ് ചാർജ്, സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം എന്നിവയ്ക്കായി അനുവദിക്കുന്ന ആകെ തുകയുടെ 1.8% തുക പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ നൽകിവരുന്നു.

   സംസ്ഥാനം മേൽ തുകയോടൊപ്പം കടത്തുകൂലിയായി മെട്രിക് ടണ്ണിനു 1400 രൂപയും സ്കൂൾ പാചകത്തൊഴിലാളികൾക്ക് സ്കൂൾ പ്രവൃത്തി ദിവസം മിനിമം 350 രൂപയും പരമാവധി 400 രൂപ നിരക്കിലും പലവ്യഞ്ജനം, പയറുവർഗ്ഗങ്ങൾ, എണ്ണ, വിറക്, പച്ചക്കറി എന്നിവയ്ക്ക് പ്രൈമറി അപ്പർ പ്രൈമറി വിഭാഗത്തിനും യഥാക്രമം 2.18 രൂപ, 77 പൈസ എന്നീ നിരക്കിലും കൂടി ചേർത്ത് പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിവരുന്നു.

GPM. 2/241/2020-11

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ അദ്ധ്യയന വർഷത്തേക്ക് കേന്ദ്ര സംസ്ഥാന വിഹിതമായി 631.67 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. അത്രയും രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2015 നവംബർ 30 വരെ ഈ ഇനത്തിൽ 293.13 കോടി രൂപ ഖജനാവിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

(ഇ) ഉച്ചഭക്ഷണ ചെലവിനത്തിൽ പ്രധാന അദ്ധ്യാപകർക്ക് കടിശ്ശികയൊന്നും നൽകാനില്ല.

അധ്യാപകനായ ശ്രീ. അച്ചുതൻ വടക്കയിലിന്റെ ഹയർസെക്കണ്ടറി പ്രൊമോഷൻ

15(2866) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി ഡയറക്ടറുടെ 29-9-2014-ലെ 30320/14 നമ്പർ ഉത്തരവുപ്രകാരം ബൈടാൻസ്സർ പ്രൊമോഷൻ ലഭിച്ചതും വയനാട് വെള്ളമുണ്ട ഹയർസെക്കണ്ടറി സ്കൂളിൽ നിയമിച്ചിട്ടുള്ളതുമായ ശ്രീ. അച്ചുതൻ വടക്കയിൽ എന്ന അധ്യാപകൻ പ്രസ്തുത സ്കൂളിൽ ജോയിൻ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. അച്ചുതൻ വടക്കയിൽ, വെള്ളമുണ്ട ഹയർസെക്കണ്ടറി സ്കൂളിൽ ജോയിൻ ചെയ്തിട്ടില്ല. ആയതിന്റെ കാരണം വ്യക്തമല്ല.

ടി.ടി.സി സപ്ലിമെന്ററി പരീക്ഷ

16(2867) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മാസം നടന്ന ടി.ടി.സി. സപ്ലിമെന്ററി പരീക്ഷയ്ക്ക് എത്ര പേർ രജിസ്റ്റർ ചെയ്തിരുന്നുവെന്നും അതിൽ എത്രപേർ പരീക്ഷ എഴുതിയിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ഫലം പ്രസിദ്ധീകരിച്ചുവോ; എങ്കിൽ എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly